# അനുബന്ധം എച്ച്.-4
## നോട്ടീസ്

ശ്രീ. ശ്രീജിത് സി.ആർ. എന്ന താങ്കൾ പത്തനംതിട്ട ജില്ലയിലെ ആങ്ങമൂഴി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 ആയി സേവനമനുഷ്ഠിച്ചു വരവേ 05.10.2022 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ കത്ത് നമ്പർ എ4-6093/23/ജി.മെ.ഓ./തീ. 11/04/23 പ്രകാരം താങ്കൾക്ക് കുറ്റാരോപണ ചാർജ്ജ് മെമ്മോ നൽകിയിട്ടുള്ളതാകുന്നു. ടി മെമ്മോ താങ്കൾ കൈപ്പറ്റിയെങ്കിലും മറുപടി സമർപ്പിച്ചിട്ടില്ല ആങ്ങമൂഴി പ്രാഥമിക ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചിരുന്നു.

താങ്കൾ കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി സമർപ്പിക്കാതിരുന്നതിനാൽ കത്ത് നമ്പർ എ4-6093/23/ജി.മെ.ഓ./തീ. 30/06/23 പ്രകാരം താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയുണ്ടായി.

ടി കാരണം കാണിക്കൽ നോട്ടീസ് താങ്കൾ കൈപ്പറ്റാതെ തിരികെ വന്നതായി ആങ്ങമൂഴി പ്രാഥമിക ആരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസ് താങ്കൾ കൈപ്പറ്റിയിട്ടില്ലാത്തതിനാൽ 18/08/23 ലെ രാഷ്ട്രദീപിക, ചന്ദ്രിക എന്നീ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. എന്നിട്ടും താങ്കൾ നാളിതുവരെ മറുപടി ഹാജരാക്കിയിട്ടില്ല.

ഇതിൽ നിന്നും പ്രൊബേഷണറായ താങ്കൾക്ക് സർക്കാർ സർവീസിൽ തുടരാൻ താല്പര്യമില്ല എന്നാണ് മനസിലാക്കുന്നത്. മേലധികാരിയുടെ അനുവാദമില്ലാതെ 05.10.2022 മുതൽ ജോലിയിൽ നിന്നും വിട്ടു നില്ക്കുന്നത് ഗുരുതരമായ കൃത്യവിലോപവും അച്ചടക്ക ലംഘനവുമാണ്.

ഈ സാഹചര്യത്തിൽ 10.09.2012-ൽ സർവ്വീസിൽ പ്രവേശിച്ച താങ്കളെ, 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം II (VII) പ്രകാരം, 05.10.2022 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നു.

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
പത്തനംതിട്ട

സ്വീകർത്താവ്
ശ്രീ. ശ്രീജിത് സി.ആർ.
ചുട്ടേത്ത് ഹൗസ്
വള്ളിക്കുന്നം പി.ഒ.
ആലപ്പുഴ- 690 501

ജെകെ